# Malayala Manorama
# 28 August 2018
# Thiruvananthapuram, CM’s Flood Relief Fund

## ഒരു മാസത്തെ ശമ്പളം: സംഭാവന ഒഴുകുന്നു

തിരുവനന്തപുരം ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സഹായപ്രവാഹം. ഗവർണർ ജസ്റ്റിസ് പി.സദാശിവത്തിനു പിന്നാലെ മന്ത്രിമാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു നൽകുന്നതായി അറിയിച്ചു.

മുഖ്യമന്ത്രിയുടെ ഓഫിസിലെ ജീവനക്കാരും ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യും. മന്ത്രിമാരായ ഇ.പി.ജയരാജൻ, കെ.കെ.ശൈലജ, കടകംപള്ളി സുരേന്ദ്രൻ, സി.രവീന്ദ്രനാഥ്, ജെ.മേഴ്സിക്കുട്ടിയമ്മ എന്നിവരും അവരുടെ ഓഫിസ് ജീവനക്കാരും ഒരു മാസത്തെ ശമ്പളം നൽകും. ശൈലജയും കടകംപള്ളിയും എ.കെ.ബാലനും നേരത്തേ തന്നെ ഒരു മാസത്തെ ശമ്പളം കൈമാറിയിരുന്നു. മന്ത്രി ബാലന്റെ പഴ്സനൽ സ്റ്റാഫംഗങ്ങൾ ഒരുമാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് നൽകും. പാലക്കാട് ജില്ലയിലെ ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആയിരം കിലോ അരിയും മന്ത്രി ബാലൻ നൽകിയിരുന്നു.

സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ, അഡ്വക്കറ്റ് ജനറൽ സി.പി. സുധാകരപ്രസാദ്, എംഎൽഎമാരായ വി.എസ്. ശിവകുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത് തുടങ്ങിയവരും ശമ്പളം നൽകുമെന്ന് അറിയിച്ചിട്ടുണ്ട്.

എക്സൈസ് കമ്മിഷണർ ഋഷിരാജ് സിങ്ങും ഒരു മാസത്തെ ശമ്പളം നൽകും. എക്സൈസ് ജീവനക്കാരും ഇപ്രകാരം നൽകണമെന്ന് അദ്ദേഹം അഭ്യർഥിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷനിലെ 3700 അംഗങ്ങൾ ഒരു മാസത്തെ ശമ്പളംസമാഹരിച്ചു നൽകും. ഹോർട്ടികോർപ് ചെയർമാൻ വിനയൻ ഒരു മാസത്തെ ഓണറേറിയം സംഭാവന ചെയ്യും.

റവന്യു അഡി. ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ, എസ്സി, എസ്ടി കമ്മിഷൻ ചെയർമാൻ ബി.എസ്. മാവോജി, പൊതുവിദ്യാഭ്യാസ സെക്രട്ടറി എ.ഷാജഹാൻ, അഗ്നിശമനസേനാ മേധാവി എ. ഹേമചന്ദ്രൻ, ഔഷധി ചെയർമാൻ കെ.ആർ.വിശ്വംഭരൻ, എംജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, കൊല്ലം സിറ്റി പൊലീസ് കമ്മിഷണർ അരുൾ കൃഷ്ണ എന്നിവരും ശമ്പളം ദുരിതാശ്വാസ നിധിയിലേക്കു കൈമാറുമെന്ന് അറിയിച്ചിട്ടുണ്ട്.

### മൻമോഹന്റെ വക ഒരുകോടിയും ഒരുമാസ ശമ്പളവും

ന്യൂഡൽഹി ● കേരളത്തിനു സഹായമെത്തിക്കാൻ മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും. അദ്ദേഹം എംപി ഫണ്ടിൽ നിന്ന് ഒരുകോടി രൂപ കേരളത്തിലെ പ്രളയബാധിത മേഖലയിൽ വിനിയോഗിക്കും. ഇതിനു പുറമേ, ഒരുമാസത്തെ ശമ്പളവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു നൽകുമെന്ന് അദ്ദേഹത്തിന്റെ ഓഫിസ് അറിയിച്ചു. കേരളത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു സഹായം നൽകണമെന്നു നേരത്തേ മൻമോഹൻ സിങ് ട്വിറ്ററിലൂടെ ആവശ്യപ്പെട്ടിരുന്നു.